


വാഴ്ത്തപ്പെട്ട ചാവറയച്ചൻ

www.malankaralibrary.com

Personal Library
Fr. G. CHEDIATH

വാഴ്ത്തപ്പെട്ട ചാവറയച്ചൻ

By

റവ. ഫാ. കുര്യൻ മാതോത്ത്

പാസ്റ്ററൽ സർവ്വീസ് സെന്റർ
പാലാ 686 575
1986

www.malankaralibrary.com



MALANKARA
LIBRARY

www.malankaralibrary.com

(malayalam)

vazhthappetta chavarayachan

biography

author : rev. fr. kurian mathothu

printed at : resmi printers, palai

published by : the author

price : rupees. 2.00

www.malankaralibrary.com

അവതാരിക

വളരുന്ന തലമുറയ്ക്ക് അറിവും പരിശീലനവും നൽകുക എന്നുള്ളതു് മാതാപിതാക്കന്മാരുടെയും അദ്ധ്യാപകരുടേയും അതിപ്രധാനമായ കർത്തവ്യമാണ്. അറിവ് പകർന്നുകൊടുക്കുന്നതിൽ കുട്ടികളുടെ പ്രായവും പ്രാപ്തിയും മനസരിച്ച് പല മാഗ്ഗങ്ങളും സ്വീകരിച്ചുവരുന്നുണ്ട്. ബാലികാ ബാലന്മാർക്കു് കളിരീതി (Kindergarten) സമുചിതമായിട്ടുള്ളതാണു്. പ്രായത്തിൽ വളർന്നുവരുന്നതിനോടുകൂടി ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും വഴി കുട്ടികളെ അഭ്യസിപ്പിക്കുന്നു. കഥാകഥനരീതി മിക്കവാറും എല്ലാ പ്രായത്തിലുമുള്ളവർക്കു് ഇഷ്ടപ്പെടുന്നതും ഫലപ്രദവുമായ ഒരു മാർഗ്ഗമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

മതപഠന വിഷയത്തിൽ സവിശേഷം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു മാന്യ വൈദികനാണല്ലോ ബഹുമാനപ്പെട്ട മാതോത്തു് കുര്യച്ചൻ. തൽസംബന്ധമായി അദ്ദേഹം പല ലേഖനങ്ങളും ചെറു ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആദരണീയമായ ഈ സേവനം അനുഷ്ഠിക്കുന്നതിൽ അദ്ദേഹത്തെ അഭിനന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അടുത്ത കാലത്തായി വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ സംബന്ധിച്ച് അദ്ദേഹം ഒരു ചെറു ഗ്രന്ഥം എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും മാഗ്ദർശനം നൽകത്തക്കതുപോലെയാണ് അദ്ദേഹം എഴുതിയിരിക്കുന്നതു്. തുടർന്ന് ഇപ്പോഴും വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവചരിത്രവും എഴുതി പ്രസിദ്ധീകരിച്ചിരിക്കുന്നു. പഠനത്തിനു് സഹായകമായിരിക്കത്തക്കതുപോലെ

www.malankaralibrary.com

യുള്ള ശീർഷകങ്ങളും ഉപശീർഷകങ്ങളും വഴി ഗ്രന്ഥം സമാകർഷകമായിരിക്കുന്നു. അദ്ദേഹം ഉപയോഗിച്ചിരിക്കുന്ന ഭാഷ ലളിതവും സുന്ദരവുമാണ്. കഥാനായകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതത്തിൽ നിന്നും പ്രസക്തമായ ഭാഗങ്ങൾ തിരഞ്ഞെടുത്ത് ചെറിയചെറിയ ഉപകഥകളുടെ രൂപത്തിൽ അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു. അഭിവന്ദ്യനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചനെപ്പറ്റി അറിവ് പ്രദാനം ചെയ്യുന്നതോടൊപ്പം ഭക്തിസംവർദ്ധകമായ രീതിയിൽ പ്രതിപാദനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഈ രീതി പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും ഉപകാരപ്രദവും രസകരവുമായിരിക്കുമെന്ന് പ്രസ്താവിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഗ്രന്ഥത്തിന് പ്രചുര പ്രചാരം ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം ഗ്രന്ഥകർത്താവിനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സർവ്വമംഗളങ്ങളും ആശംസിക്കുകയും ചെയ്തുകൊണ്ട് ഈ ലഘുഗ്രന്ഥം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പാലാ
27_3_'86

മാർ സെബാസ്റ്റ്യൻ വയലിൽ

www.malankaralibrary.com

വാഴ്ത്തപ്പെട്ട

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

''ഒരു മനുഷ്യന്റെ ജീവിതത്തിൽ അന്യർക്കു് ഉപകാരം ചെയ്യാത്ത ദിവസം അയാളുടെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല.'' വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഉറച്ച പ്രഖ്യാപനമാണു്. ഒരു നൂറ്റാണ്ടു മുമ്പു് കേരള കത്തോലിക്കാ സഭയിൽ ഉദിച്ചുയർന്നു്, എങ്ങും പ്രകാശം പരത്തിയ ആ വന്ദ്യ വൈദികൻ തന്റെ കർമ്മനിരതമായ ജീവിതം കൊണ്ടു് സമൂഹത്തിലെ എല്ലാ തുറകളിലുംപെട്ട ആളുകൾക്കു് സേവനം അനുഷ്ഠിച്ചിരുന്നു. 1871 ജനുവരി 3–നു് എറണാകുളത്തിനടുത്തുള്ള കുന്നമ്മാവു കൊവേന്തയിൽ വച്ചാണു് നിത്യസമ്മാനത്തിനായി അദ്ദേഹം വിളിക്കപ്പെട്ടതു്. അന്നു് സ്വപ്നത്തിൽപോലും ആരും ഓർത്തു കാണുകയില്ല, കത്തോലിക്കാ സഭയുടെ ദൃശ്യതലവനായ മാർപ്പാപ്പാതന്നെ ഒരു കാലത്തു് ഈ നാട്ടിലെത്തി വലിയ പ്രിയോരച്ചനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കു് ഉയർത്തുമെന്നു്. 1986 ഫെബ്രുവരി 8-നു് ശനിയാഴ്ച കോട്ടയത്തു നടന്ന പൂജ്യകർമ്മങ്ങൾക്കു് സാക്ഷ്യം നിൽക്കാൻ ഭാഗ്യം ലഭിച്ച നമ്മൾ ദൈവത്തിനു് പ്രത്യേകം കൃതജ്ഞത പറയേണ്ടവരാണു്.

ബാല്യകാലസ്മരണകൾ

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ചങ്ങനാശ്ശേരി അതിരൂപതയിൽപെട്ട കൈനകരിയിൽ 1805 ഫെബ്രുവരി

www.malankaralibrary.com

10–ന് ജനിച്ചു. സ്വന്തം ഇടവകയായ ചേന്നങ്കരിപ്പള്ളിയിൽ വച്ച് 8–ാം ദിവസം കുഞ്ഞിന് ജ്ഞാനസ്നാനം നല്കി. മാമ്മോദീസായിൽ ലഭിച്ച പേരാണ് കുര്യാക്കോസ്.

കുര്യാക്കോസിന്റെ അമ്മയായ മറിയം ദൈവഭക്തിയിൽ മറ്റേവരുടെയും മുന്നിലായിരുന്നു. മകന്റെ കയ്യോ കാലോ വളരുന്നതു് എന്നു മാത്രമല്ല ആ നല്ല മാതാവു് നോക്കിയിരുന്നതു്. കയ്യും കാലും കണ്ണും കരളും എല്ലാം നൽകിയ ദൈവത്തിന്റെ ഇഷ്ടപുത്രനായി അവനെ വളർത്തുന്നതിനു കൂടി അവൾ അതീവ ശ്രദ്ധ ചെലുത്തുകയുണ്ടായി.

പ്രാർത്ഥനകളും ക്രിസ്തീയ വിശ്വാസ രഹസ്യങ്ങളും മകനു് പറഞ്ഞു കൊടുക്കുന്നതിൽ അവൾ സദാ ഉത്സുകയായിരുന്നു. അതുകൊണ്ടും തീർന്നില്ല; അമലോത്ഭവ മാതാവിന്റെ ഒരു ദാസനായിട്ടു് കുര്യാക്കോസിനെ വളർത്തുവാൻ ആ അമ്മ ആഗ്രഹിച്ചു. കൊച്ചിനെ വെച്ചൂർ പള്ളിയിൽ കൊണ്ടു പോയി ദൈവമാതാവിനു് അടിമ വയ്ക്കുകയും ചെയ്തു. കുഞ്ഞുങ്ങളെ മാതാവിനു് അടിമ വയ്ക്കുക എന്നുവച്ചാൽ, ആ സ്വർഗ്ഗീയ അമ്മയുടെ പരിരക്ഷണത്തിനു് ഭരമേൽപ്പിക്കുക എന്നാണർത്ഥം. പിൽക്കാലത്തു് സി. എം. ഐ. സഭ (കർമ്മല മാതാവിന്റെ അമലോത്ഭവ ദാസ സംഘം) സ്ഥാപിക്കുന്നതിനു്, കൂട്ടിക്കാലത്തു് ആരംഭിച്ച ഈ ദൈവ മാതൃഭക്തിയാണു് അദ്ദേഹത്തിനു് പ്രേരണ നൽകിയതു്.

''എന്റെ അമ്മേ, എന്റെ ആശ്രയമേ'' എന്നു വിളിച്ചുകൊണ്ടു സമാരംഭിച്ച ഒരു കാര്യവും പരാജയപ്പെട്ടിട്ടില്ല എന്നു ചാവറയച്ചൻ പിന്നീടു് പറഞ്ഞിരുന്നു.

www.malankaralibrary.com

സെമിനാരിയിലേയ്ക്ക്

ബാലനായ കര്യാക്കോസ് തന്റെ പ്രാഥമിക വിദ്യാഭ്യാസം നടത്തിയതു് ഒരു കളരിയാശാന്റെ കീഴിലായിരുന്നു. ഇന്ന് എവിടെയും കാണുന്നതുപോലെ അക്കാലത്തു് വിദ്യാലയങ്ങളുണ്ടായിരുന്നില്ല. പാലയ്ക്കൽ തോമ്മാ മല്പാൻ പള്ളിപ്പുറത്തു് ഒരു സെമിനാരി നടത്തിവന്നിരുന്നു. കേവലം പത്തു വയസ്സുമാത്രമേ കര്യാക്കോസിനു് പ്രായമുണ്ടായിരുന്നുള്ളുവെങ്കിലും, അവൻ പാലയ്ക്കലച്ചന്റെ അടുക്കൽ പോയി, അദ്ദേഹത്തിന്റെ കീഴിൽ വൈദിക പഠനം ആരംഭിച്ചു. വൈദിക വിദ്യാർത്ഥികളെ, പണ്ഡിതരും പുണ്യചരിതരുമായ വൈദിക വരേണ്യർ തങ്ങളുടെ കൂടെ താമസിപ്പിച്ചു് പഠിപ്പിച്ചിരുന്ന കാലമായിരുന്നു അതു്. അങ്ങനെ ചെയ്തിരുന്ന അച്ചന്മാർ മല്പാന്മാർ എന്നപേരിലാണു് അറിയപ്പെട്ടിരുന്നതു്. 19–ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണു് ഇന്നത്തെ രീതിയിലുള്ള സെമിനാരികൾ ആരംഭിച്ചതു്.

കടുത്ത പ്രതിസന്ധി

സെമിനാരി ജീവിതകാലത്തു് കടുത്ത പ്രതിസന്ധിയുടെ നടുവിലൂടെ കടന്നു പോകേണ്ടിവന്നു കര്യാക്കോസിനു്. സ്വന്തം മാതാപിതാക്കളും ഏക സഹോദരനും മരണമടഞ്ഞതാണു് അതിനു കാരണം. ജേഷ്ഠന്റെ അപ്രതീക്ഷിതമായ മരണം ചാവറ കുടുംബത്തെ അനാഥമാക്കുകതന്നെ ചെയ്തു. സഹോദരന്റെ ഭാര്യയും അവരുടെ ഒരു പെൺകുഞ്ഞും മാത്രമെ വീട്ടിൽ ശേഷിച്ചുള്ളു. താമസിയാതെ ബന്ധു ജനങ്ങളും രംഗത്തുവന്നു. വൈദിക പഠനം അവസാനിപ്പിച്ചു് കര്യാക്കോസു് ഉടൻതന്നെ വീട്ടിലേയ്ക്കു മടങ്ങണമെന്നു് അവർ ശഠിച്ചു. കുടുംബം അന്യം

www.malankaralibrary.com

നിന്നു പോകാതിരിക്കുവാൻ മറ്റു മാഗ്ഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. സഹോദര പുത്രിയെ സംരക്ഷിക്കേണ്ട ചുമതല കൂടി അവൻ ഏറ്റെടുക്കണമെന്നു് അവർ നിർദ്ദേശിച്ചു.

നമ്മുടെ ശമ്മാഗ്ഗനെ സംബന്ധിച്ചിടത്തോളം വല്ലാത്ത ഒരു പരീക്ഷയായിരുന്നു അതു്. ദേവാലയത്തിൽ സക്രാരിയുടെ മുമ്പിൽ ചെന്നു് തീക്ഷ്ണതയോടെ അവൻ പ്രാർത്ഥിച്ചു. ഈ പ്രതിസന്ധിയിൽ നിന്നു് കാത്തുരക്ഷിക്കണമേയെന്നു് അവൻ മനം നൊന്തു് സ്വർഗ്ഗീയ അമ്മയോടു് അപേക്ഷിച്ചു. അവന്റെ ഉള്ളുരുകിയ പ്രാർത്ഥനയ്ക്കു് ഫലമുണ്ടായി. കുടുംബകാര്യങ്ങളെല്ലാം ഒരു അളിയനെ ഏല്പിച്ചിട്ടു്, സെമിനാരിയിൽ പോയി വൈദിക പഠനം തുടരുവാൻ അവനു കഴിഞ്ഞു.

പ്രായത്തിൽ പിന്നിൽ, പഠനത്തിൽ മുന്നിൽ

പള്ളിപ്പുറത്തു സെമിനാരിയിലെ സതീർത്ഥ്യരിൽ ഏറ്റവും പ്രായം കുറഞ്ഞവൻ കുര്യാക്കോസായിരുന്നു. പക്ഷെ, പഠനം, പുണ്യാഭ്യാസം, ക്രമാനുഷ്ഠാനം, സേവന തല്പരത, തുടങ്ങിയ കാര്യങ്ങളിലെല്ലാം അവൻ മറ്റുള്ളവരുടെയെല്ലാം മുന്നിലായിരുന്നു. ഗ്രുരുത്രതനായ മല്പാനച്ചന്റെ ജീവിതമാതൃക കുര്യാക്കോസു് ശമ്മാഗ്ഗനിൽ അനല്പമായ സ്വാധീനമാണു് ചെലുത്തിയിട്ടുള്ളതു്. പാലസ്തുലച്ചന്റെ ഭക്തിയും പ്രാർത്ഥനാ ചൈതന്യവും മാതൃകാ ജീവിതവുമൊക്കെ പിൽക്കാലങ്ങളിൽ എത്രയും സന്തോഷത്തോടെ കുര്യാക്കോസച്ചൻ അനുസ്മരിച്ചിരുന്നു.

വൈദികൻ വേണ്ടത്ര അറിവും പക്വതയും പുണ്യയോഗ്യതയും ഉള്ള ആളായിരിക്കണമെന്നു് നമ്മുടെ ശമ്മാഗ്ഗനു് അറിയാമായിരുന്നു. ഭാവിയിൽ മറ്റുള്ളവരെ

www.malankaralibrary.com

ശരിയാം വണ്ണം പഠിപ്പിക്കുവാൻ സാധിക്കണമെങ്കിൽ അതിനായി സെമിനാരിയിൽവച്ച് നന്നായി ഒരുങ്ങണം. 'സെമിനാരിക്കാരൻ എങ്ങനെയോ, അങ്ങനെ ആയിരിക്കും വൈദികനും', എന്നൊരു ചൊല്ലുതന്നെയുണ്ടല്ലോ. അറിവിലും വിശ്വാസിയിലും ഏവരുടെയും മുൻപന്തിയിൽ തന്നെ വരുവാൻ കൂര്യാക്കോസ് ശമ്മാശ്ശൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ കാലഘട്ടത്തിൽ മലയാളത്തിനു പുറമെ, സംസ്കൃതം, സുറിയാനി, ലത്തീൻ, പോർത്തുഗീസ്, ഇറ്റാലിയൻ എന്നീ ഭാഷകളും കൂടി ശമ്മാശ്ശൻ വശമാക്കി. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ് ഭാഷാപഠനം അന്ന് നിഷിദ്ധമായിരുന്നു.

നവ വൈദികൻ

1829 നവംബർ 29-നു് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മോൺ. മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്നും കൂര്യാക്കോസ് ശമ്മാശ്ശൻ വൈദിക പട്ടം സ്വീകരിച്ചു. തുടർന്നു് പുളിങ്കുന്നു്, ചേന്നങ്കരി എന്നീ ഇടവകകളിൽ സേവനത്തിനായി നിയോഗിക്കപ്പെട്ടു. പാലയ്ക്കൽ തോമ്മാ മല്പാനെ സഹായിക്കുന്നതിനു് പള്ളിപ്പുറം സെമിനാരിയിലായിരുന്നു അടുത്ത നിയമനം.

സന്യാസ സഭാ സ്ഥാപനം

ഏതെങ്കിലും തരത്തിലുള്ള സന്യാസ ജീവിതത്തിനു താല്പര്യമുള്ളവരായിരുന്ന മല്പാന്മാരായ പാലയ്ക്കൽ തോമ്മാച്ചനും പോത്രക്കര തോമാച്ചനും. ജനങ്ങളിൽ നിന്നെല്ലാം അകന്നു് വനവാസതുല്യമായ സന്യാസ ജീവിതമായിരുന്ന അവർ പ്രത്യേകമായി കാംക്ഷിച്ചതു്. എന്നാൽ ചാവറയച്ചനാകട്ടെ സന്യാസത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനാ ജീവിതത്തിനു പുറമെ, സഭയുടെ വിവിധ കർമ്മ

www.malankaralibrary.com

മണ്ഡലങ്ങളിൽ സേവനം ചെയ്യുവാനും താല്പര്യമുണ്ടായിരുന്നു. എങ്കിലും അവർ മൂവരും സ്ലബിലീനി മെത്രാനെ സമീപിച്ച് വനവാസത്തിനുള്ള തങ്ങളുടെ ആഗ്രഹം അദ്ദേഹത്തെ അറിയിച്ചു. വാസ്തവത്തിൽ അദ്ദേഹമാണ് ഈ വൈദികരെ നിയതമായ ഒരു സന്യാസ ജീവിത സരണിയിലേക്ക് തിരിച്ചു വിട്ടതു്. സ്ലബിലീനി മെത്രാൻ അവരോട് പറഞ്ഞു:

''അല്പം വല്പതും തിരിയുന്ന നിങ്ങടം ഒന്നു രണ്ടു പേരുള്ളതു് മിണ്ടടക്കമായി വല്പയിടത്തും ഒതുങ്ങിപ്പാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ ആരാണുള്ളതു് ? അങ്ങനെ നിങ്ങടംക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വയ്പിൻ. അപ്പോടം എല്ലാവർക്കും ഉപകാരമുണ്ടല്ലോ.''

ഒരു ഭക്തജീവിതം കഴിക്കുവാനുള്ള ആഗ്രഹത്തോടുകൂടി ചമ്പക്കുളം ഇടവക കണിയാന്തറ ചാക്കോ എന്ന ബാലൻ പോരുക്കര തോമാച്ചന്റെ കൂടെ താമസിക്കുവാൻ വന്നു. ഈ ബാലനാണ് പിന്നീടു് ആഹാ യാക്കോബു് എന്ന പേരിൽ സഭയുടെ മറ്റു സ്ഥാപകരോടൊപ്പം പ്രവർത്തിച്ചതു്.

കൊവേന്ത സ്ഥാപനം

കൊവേന്ത സ്ഥാപിക്കുന്നതിനു് അനുയോജ്യമായ പല സ്ഥലങ്ങളും നോക്കിയെങ്കിലും മാന്നാനം കുന്നാണു് ഏറ്റം പറ്റിയതെന്നു് അവസാനം നിശ്ചയിച്ചു. 1831 മേയ് 11-നു് കൊവേന്തയുടെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കുവാനും തീരുമാനമെടുത്തു. അപ്പോടം കുടമാളൂരിൽ താമസിച്ചിരുന്ന സ്ലബിലീനി മെത്രാനോടു് മാന്നാനത്തു വന്നു് കല്ലിടീൽ കർമ്മം നിർവഹിക്കുവാൻ

www.malankaralibrary.com

അഭ്യർത്ഥിക്കുകയുണ്ടായി. മല്പാനച്ചന്മാരുടെ സ്നേഹിതരും ശിഷ്യന്മാരുമായ മറ്റച്ചന്മാരേയും ചടങ്ങിനു ക്ഷണിച്ചിരുന്നു.

തലേദിവസം തന്നെ മെത്രാനച്ചൻ മാന്നാനം കുന്നിൽ എത്തി തനിക്കായി ഒരുക്കിയിരുന്ന ഒരു മുളക്കുട്ടപുരയിൽ ഒരു പരമ്പു മുറിയിൽ താമസിച്ചു. മറ്റച്ചന്മാരെല്ലാം മറ്റൊരു മുറിയിലും, പിറ്റേ ദിവസം രാവിലെ മെത്രാനച്ചനു് അസുഖമായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തന്നെ പോരുക്കരയച്ചൻ, വി. യൗസേപ്പു് പിതാവിന്റെ നാമത്തിൽ കൊവേന്തയ്ക്കു കല്ലിട്ടു. ആശ്രമം വി. യോഹന്നാൻ മാംദാനയുടെ നാമത്തിൽ വേണമെന്നു് മെത്രാനച്ചനും, വി. ഡൊമിനിക്കിന്റെ നാമത്തിലായിരിക്കണമെന്നു് പാലയ്ക്കൽ മല്പാനച്ചനും അഭിപ്രായപ്പെട്ടകയുണ്ടായി. എങ്കിലും പോരുക്കരയച്ചന്റെ അഭിപ്രായമാണു് അവസാനം സ്വീകരിക്കപ്പെട്ടതു്. അങ്ങനെയാണു് വി. യൗസേപ്പിന്റെ നാമത്തിൽ കൊവേന്തയുടെ ശിലാസ്ഥാപനം നടക്കുവാൻ ഇടയായതു്.

ഒരു മാസം കൊണ്ടു് കപ്പേളയുടെ പണി പൂർത്തിയാകുകയും പന്തക്കുസ്താതിരുനാൾ ദിവസം അവിടെ ആദ്യമായി ദിവ്യബലി അർപ്പിക്കുകയും ചെയ്തു. അന്നു് അവിടെ ദിവ്യബലി അർപ്പിച്ച അച്ചന്മാരോരുത്തരും ഓരോ രൂപാ വീതം നേർച്ച ഇട്ടു. അൻപതു രൂപാ അങ്ങനെ പിരിഞ്ഞുകിട്ടി. ഉടൻ തന്നെ കൊവേന്തയുടെ പണി ആരംഭിക്കുകയും ചെയ്തു.

ചാവറയച്ചൻ അപ്പോഴും പള്ളിപ്പുറം പള്ളിയിൽ വികാരി ആയിരുന്നു. ഈ കാലഘട്ടത്തെപ്പറ്റി സി. എം. ഐ. സഭയുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കു

www.malankaralibrary.com

ന്നതു് ഇപ്രകാരമാണു്. ''പള്ളിപ്പുറത്തെ വികാരി ജോലി ഒഴിച്ചു് കൊടുക്കണമെന്നു് നമ്മുടെ ചാവറയച്ചൻ വീണ്ടും വീണ്ടും മെത്രാപ്പോലീത്താച്ചനോടു് അപേക്ഷിക്കുകയും അതിൻ പ്രകാരം ഒഴിച്ചു കൊടുക്കുകയും ചെയ്തതിനാൽ താൻ മാന്നാനത്തു വന്നു 1833 മുതൽ നിരന്തരമായി കാര്യങ്ങളം അന്വേഷിച്ചു പോന്നു. അന്നുമുതൽ തന്റെ സമ്പാദ്യവും പ്രയത്നവുമെല്ലാം ദർശന വീടിനായി ചെലവഴിക്കുകയും ഒരു സന്യാസിയെപ്പോലെ ജീവിക്കുകയും ചെയ്തുപോന്നു.'' (ക. നി. മൂ. സഭയുടെ ചരിത്ര സംക്ഷേപം ബർണ്ണർദോസു് തോമ്മാ പട്ടക്കാരനാൽ രചിക്കപ്പെട്ടതു്, മാന്നാനം 1908, p. 14)

മല്പാന്മാരുടെ ദേഹവിയോഗം

പത്തു വർഷങ്ങൾക്കു ശേഷം 1841–ൽ പാലയ്ക്കൽ തോമ്മാച്ചൻ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. 1846–ൽ പോരുക്കരയച്ചനും ചരമം പ്രാപിച്ചു. അതോടെ പുതിയ സഭയുടെ ചുക്കാൻ പിടിക്കേണ്ട ചുമതല മുഴുവനായും ചാവറയച്ചനിൽ വന്നു ചേർന്നു.

സഭാതരുവിനു് വെള്ളവും വളവും നൽകി വളർത്തുന്നതോടൊപ്പം നവംനവങ്ങളായ പദ്ധതികളം ആവിഷ്കരിക്കുന്നതിനും അദ്ദേഹം ശ്രമിക്കുവാൻ തുടങ്ങി. മനുഷ്യസേവനത്തിലൂടെ ദൈവ സാക്ഷാത്ക്കാരം സാധിക്കുകയെന്നതു് അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യം തന്നെയായിരുന്നു.

സഭയുടെ ഔദ്യോഗിക സ്ഥാപനവും വ്യവഹാരാംഗീകാരവും

1855 ഡിസംബർ 8–നു്, മാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ, പുതിയ സഭ ഔദ്യോഗികമായി

www.malankaralibrary.com

സ്ഥാപിക്കുന്നതിനു് മെത്രാനച്ചൻ നിശ്ചയിച്ചു. സഭയുടെ നിയമങ്ങളം അനുസരിച്ചു് ജീവിക്കുന്നതിനു് സന്നദ്ധരായ വൈദികർ അന്നു് സന്യാസ വ്രതങ്ങളം വാഗ്ദാനം ചെയ്യുകയും വേണമായിരുന്നു. ഈ കാര്യങ്ങളുടെ നിർവ്വഹണത്തിനായി മാർസലീനോസു് എന്ന വിദേശ കർമ്മലീത്താ മിഷനറി വൈദികനെ അദ്ദേഹം മാന്നാനത്തേയ്ക്കു് അയച്ചു. വ്രതവാഗ്ദാനത്തിനു് തൊട്ടുമുമ്പുള്ള പത്തു ദിവസം ധ്യാനം കഴിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. എന്നാൽ പുതിയ ചട്ടങ്ങളം അനുസരിച്ചുള്ള ജീവിതം ക്ലേശകരമെന്നു് ബോദ്ധ്യം വന്ന രണ്ടച്ചന്മാരും എട്ടു ശമ്മാശ്ശന്മാരും ഒരു ബാലനും ധ്യാനം കഴിഞ്ഞതോടെ സഭ വിട്ടു പോയി.

നിശ്ചയിക്കപ്പെട്ട ദിവസം രാവിലെ ഗാന പൂജയ്ക്കു മുമ്പു് ചാവറയച്ചൻ മർസലീനോസു് മിഷനറിയുടെ മുമ്പാകെ വ്രതവാഗ്ദാനം ചെയ്തു് തന്നെത്തന്നെ സഭാസേവനത്തിനായി സമർപ്പിച്ചു. പാട്ടുകുർബാനയ്ക്കു ശേഷമായിരുന്നു മറ്റച്ചന്മാരുടെ വ്രതവാഗ്ദാനം. കുര്യാക്കോസച്ചൻ തന്നെയാണു് ശ്രേഷ്ഠ സ്ഥാനത്തിരുന്നുകൊണ്ടു് അവരുടെ വ്രതവാഗ്ദാനം സ്വീകരിച്ചതു്. അന്നു മുതൽ തന്റെ മരണം വരെ ചാവറയച്ചൻ സഭയുടെ അധിപനായി-പ്രിയോരായി-സേവനം ചെയ്തു.

ആദ്യദിവസം വ്രതവാഗ്ദാനം ചെയ്തു് സഭാംഗങ്ങളായിത്തീർന്ന വൈദികർ താഴെപ്പറയുന്നവരാണു്. (1) ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ (2) തോപ്പിൽ ഗീവർഗീസച്ചൻ (3) പോരുക്കര കുറിയാക്കോസച്ചൻ (4) കൊച്ചുപുരയ്ക്കൽ കുര്യച്ചൻ (5) മുഞ്ഞനാട്ടു് മത്തായി അച്ചൻ (6) കളപ്പുരയ്ക്കൽ മത്തായിഅച്ചൻ

www.malankaralibrary.com

(7) വല്യാറെ ചാക്കോച്ചൻ (8) കണിയാരകത്തു മാണിയച്ചൻ (9) പാലയ്ക്കൽ കുര്യച്ചൻ (10) കട്ടക്കയത്തു ചാണ്ടിയച്ചൻ (11) കളത്തിൽ സ്റ്റാനിയാച്ചൻ.

തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയാ എന്ന നാമം ചാവറയച്ചൻ സ്വീകരിച്ചതു് ഈ അവസരത്തിലാണു്.

സഭയുടെ പേരിനെപ്പറ്റി

'അമലോത്ഭവ കർമ്മല മാതാവിന്റെ ദാസന്മാർ', എന്നായിരുന്നു ഈ സഭ ആദ്യം അറിയപ്പെട്ടിരുന്നതു്. ഒൻപതാം പീയൂസ് മാർപ്പാപ്പാ മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചതു് ആ കാലഘട്ടത്തിൽ (1854) ആയതുകൊണ്ടാണു് ഈ പേരു നൽകിയതു്. 1861-ലോ അതിനുശേഷമോ ആണു് സഭയ്ക്കു് കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ (ക. നി. മൂ. സ.) എന്ന പേരു ലഭിച്ചതു്. ഇപ്പോഴതു് അമലോത്ഭവ മാതാവിന്റെ കർമ്മലീത്താ സഭക്കാർ (C. M. I. ie Carmelites of Mary Immaculate) എന്ന പേരിൽ അറിയപ്പെടുന്നു.

അക്കാലത്തു് കേരളത്തിൽ പ്രേഷിത പ്രവർത്തനം നടത്തി വന്നിരുന്ന വിദേശ സപാദുക കർമ്മലീത്താ സഭയുടെ മൂന്നാം സഭയായി പുതിയ സന്യാസ സഭയെ അംഗീകരിച്ചു കൊണ്ടു് 1860, ഒക്ടോബർ ഒന്നിനാണു് വരാപ്പുഴയുടെ ബർണർദ്ദൈൻ മെത്രാപ്പോലീത്താ കല്പന പുറപ്പെടുവിച്ചതു്. തുടർന്നുള്ള സഭയുടെ വളർച്ച അത്ഭുതാവഹമായിരുന്നു. ക്നനമ്മാവു്, വാഴക്കുളം, മുത്തോലി തുടങ്ങിയ സ്ഥലങ്ങളിൽ താമസിയാതെ കൊവേന്തകൾ സ്ഥാപിതമായി.

www.malankaralibrary.com

പ്രാർത്ഥനയിൽ ശക്തി

ദൈവത്തിന്റെ പരിപാലനയിൽ പൂർണ്ണ ആശ്രയം വച്ചു കൊണ്ടാണു് ചാവറയച്ചൻ ഏതു കാര്യവും ചെയ്തിരുന്നതു്. ക്ലേശങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഒരിക്കലും പരാജയത്തിന്റെയോ നിരാശയുടെയോ കയ്പുനീരു കുടിക്കേണ്ടിവന്നിട്ടില്ല. എല്ലാറ്റിന്റെയും ആദികാരണനായ ദൈവത്തെ വിശ്വാസത്തിന്റെ ദൃഷ്ടിയിലൂടെ നോക്കിക്കാണുന്നതിനും എല്ലാറ്റിനേയും അവയുടെ ലക്ഷ്യത്തിലേക്കു് സുഗമമായി നയിക്കുന്ന അവിടുത്തെ ആരാധിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. എല്ലാറ്റിലും ഉപരിയായി, ചാവറയച്ചൻ ഒരു ദൈവിക മനുഷ്യനായിരുന്നു എന്നു പറയാം. ദൈവത്തോടു് അവ ഗാഢം ബന്ധപ്പെട്ടെങ്കിലേ, മനുഷ്യരെ തമ്മിൽ ഐക്യപ്പെടുത്തുവാൻ സാധിക്കൂ എന്ന ദ്ദേഹത്തിനറിയാമായിരുന്നു. താൻ തന്നെ സ്ഥാപിച്ച സി. എം. സി. സഭയിലെ സന്യാസിനിമാർക്കു് ഒരിക്കൽ അദ്ദേഹം ഇപ്രകാരം എഴുതി, ''സ്വന്തം വിശപ്പു് വാക്കുകളിലൂടെ പ്രകാശിപ്പിക്കാൻ കഴിവില്ലാത്ത കുഞ്ഞിനെ യഥാസമയം ഉറക്കത്തിൽ നിന്നുണർത്തി മുലപ്പാൽ കൊടുക്കുന്ന അമ്മയെപ്പോലെയാണു് ദൈവം.'' ഈ തീക്ഷ്ണമായ ദൈവ വിശ്വാസത്തിൽ നിന്നു് ചൈതന്യം പ്രാപിച്ചു വന്ന അദ്ദേഹം, പ്രാർത്ഥനയും ദൈവിക രഹസ്യങ്ങളെപ്പറ്റിയുള്ള അനുധ്യാനവും വഴി ദൈവത്തോടു് സമ്പർക്കം പുലർത്തുവാൻ തീവ്രമായി അഭിലഷിച്ചിരുന്നു. ''ദൈവത്തോടു്, ഒരു സ്നേഹിതനോടെന്നപോലെ, ചെയ്യുന്ന സംഭാഷണമാണു് പ്രാർത്ഥന,'' എന്നു് അദ്ദേഹം പറഞ്ഞിരുന്നു—തന്നോടു് സംസാരിക്കുവാൻ ദൈവം മനുഷ്യനു് നൽകിയ മഹത്തായ ഒരാനുകൂല്യം.

www.malankaralibrary.com

പ്രസിനുവേണ്ടിയുള്ള പരിശ്രമങ്ങൾ

മുദ്രാലയ പ്രേഷിതത്വത്തിന്റെ പ്രാധാന്യത്തെപ്പറ്റി ക്രാന്തദർശിയായ ചാവറയച്ചൻ, നേരത്തെ തന്നെ ബോധവാനായിരുന്നു. ഒരു പ്രസ് സ്ഥാപിക്കുന്നതിനെപ്പറ്റി മാന്നാനത്തു വന്നനാൾ മുതൽ അദ്ദേഹം ആലോചിച്ചിരുന്നു. തിരുവിതാംകൂർ രാജ്യത്തു് അക്കാലത്തു് ആകെ രണ്ടു പ്രസ്സു മാത്രമെ ഉണ്ടായിരുന്നുള്ളു. കോട്ടയത്തു് സി. എം. എസ്. പ്രസ്സും തിരുവനന്തപുരത്തു് ഗവണ്മെൻറു പ്രസ്സും. അന്നൊക്കെ ക്രൈസ്തവ വിശ്വാസികൾക്കു് പ്രാർത്ഥനാ പുസ്തകങ്ങൾ നന്നേ വിരളമായിരുന്നു. ചിലരുടെ കൈവശം ചില തമിഴ പുസ്തകങ്ങളും, മലയാളത്തിലുള്ള ഏതാനും കയ്യെഴുത്തു പുസ്തകങ്ങളും മാത്രം. വിശ്വാസ സംബന്ധമായ അറിവു ജനങ്ങളിൽ വർദ്ധിപ്പിക്കുന്നതിനും ഭക്തി സംവർദ്ധകങ്ങളായ പുസ്തകങ്ങൾ ഏവർക്കും ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പ്രസ് സ്ഥാപിക്കുവാൻ ചാവറയച്ചനും സഹ പ്രവർത്തകരും ഒരുമ്പെട്ടു. അവർ കോട്ടയത്തു ചെന്നെങ്കിലും സി. എം. എസ്. കാരുടെ പ്രസ്സു കാണാൻ പോലും അവർക്കു സാധിച്ചില്ല. ഇതേപ്പറ്റി ക. നി. മൂ. സഭയുടെ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെട്ടുത്തിയിട്ടുണ്ടു്.

''കോട്ടയത്തെ അച്ചടി ഉപകരണങ്ങൾ കണ്ടു തിട്ടം വരുത്തുന്നതിനു് അവർ സമ്മതിക്കാതിരുന്നതിനാൽ തിരുവനന്തപുരത്തിനു് ചാവറയച്ചനും മുട്ടുചിറ പറമ്പിൽ പൗലോസ് കത്തനാരച്ചനും പോകയും, അവിടത്തെ സർക്കാർ അച്ചുകൂടത്തിലെ വേലക്കാരിൽ കത്തോലിക്കരായ ചിലരുടെ സഹായം വഴിക്കു് എല്ലാപണികളും യഥേഷ്ടം കണ്ടു ഗ്രഹിപ്പാൻ സാധിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ

www.malankaralibrary.com

പറമ്പിൽ പൗലോസ് കത്തനാരച്ചൻ ശില്പവേലകളിലും കൗശലപണികളിലും വാസനയും സാമർത്ഥ്യവും ഉള്ള ആളായിരുന്നതിനാൽ മടങ്ങി മാന്നാനത്തു വന്നപ്പോഴേ വാഴപ്പിണ്ടികൊണ്ടു് ഒരു പ്രസ്സിന്റെ മാതൃക ഉണ്ടാക്കുകയും, അതിനൊപ്പിച്ചു നല്ല പണിക്കാരനായ ഒരാശാരിയെക്കൊണ്ടു് ഒരു മരപ്രസ് പണിയിക്കുകയും, അതിന്റെ അടിത്തട്ടു് (മേശ) കരിങ്കല്ലുകൊണ്ടു പണിതു ചേർത്തു ക്രമപ്പെടുത്തുകയും ചെയ്തു.'' (ടി പുസ്തകം പുറം 28.)

വൈദിക വിദ്യാർത്ഥികളുടെ പരിശീലനം

വിശുദ്ധരും സുശിക്ഷിതരുമായ വൈദികരിലാണു് കേരള സഭയുടെ ഭാവി നില കൊള്ളുന്നതെന്നു് ബഹു. ചാവറയച്ചൻ ഉറച്ചു വിശ്വസിച്ചിരുന്നു. വിജ്ഞാനവും വിശുദ്ധിയുമുള്ള അജപാലകന്മാർക്കു് രൂപം കൊടുക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം തികച്ചും ബോധവാനായിരുന്നു. സ്വന്തം സെമിനാരി പരിശീലനകാലത്തു് വിശുദ്ധിയിലും വിജ്ഞാനത്തിലും ഉയരുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പുണ്യത്തിലും അറിവിലും അല്പമായാലേക്കാം, വൈദികർ അല്പം കൂടെ മുന്നിട്ടു നിൽക്കണം എന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

വലിയൊരു വിഭാഗം വൈദിക വിദ്യാർത്ഥികളുടെ പരീക്ഷകനായി നിയമിക്കപ്പെട്ടതു് ചാവറയച്ചനായിരുന്നു. കേരള സുറിയാനി സഭയുടെ വ്യക്തിത്വ വളർച്ചയ്ക്കു് സ്വന്തമായി സെമിനാരി ഉണ്ടാകണമെന്നു് ദീർഘദൃഷ്ടിയുള്ള ചാവറയച്ചനു ബോദ്ധ്യമായതിന്റെ ഫലമാണു് 1833-ൽ മാന്നാനത്തു് സ്ഥാപിതമായ സെമിനാരി. അതേ തുടർന്നു് വാഴക്കുളം, (1866), എൽത്തുരുത്തു് (1868)

www.malankaralibrary.com

എന്നീ സ്ഥലങ്ങളിലും സെമിനാരികൾക്ക് ആരംഭം കുറിച്ചു.

സ്ത്രീകൾക്കൊരു സന്യാസിനി സഭ

സ്ത്രീകൾക്ക് കന്യാലയ ജീവിതം നയിക്കുവാൻ പര്യാപ്തമായ സാഹചര്യങ്ങളൊന്നും അക്കാലത്തു് കേരള സഭയിൽ ഉണ്ടായിരുന്നില്ല. സന്യാസ ജീവിതത്തിനു് താല്പര്യമുള്ള സ്ത്രീകൾക്കു വേണ്ടി ഒരു മഠം തുടങ്ങുന്നതിനു് ലെയോപ്പോൾദ് ബെക്കാറോ മിഷനറിയോടൊപ്പം ചാവറ യച്ചൻ ഉത്സാഹിച്ചതിന്റെ ഫലമായാണു് സി. എം. സി. സഭആരംഭിച്ചതു്. 1866 ഫെബ്രുവരി 13–നു് ചൊവ്വാഴ്ച വി. അമ്മ ത്രേസ്യായുടെ നാമത്തിൽ കൂനമ്മാവിലാണു്. ഈ സഭയുടെ സ്ഥാപനം. ഏലീശ്വാ, അന്ന, ത്രേസ്യാ, ക്ലാര എന്നിങ്ങനെ നാലു സ്ത്രീകളായിരുന്ന ഈ സന്യാസിനീ സഭയിലെ പ്രഥമ അംഗങ്ങൾ. സ്ത്രീകളെ ''ഭക്തിയിലും ദൈവശുശ്രൂഷയിലും അഭ്യസിപ്പിക്കുന്നതിനും അവർ മൂലം പെൺകുട്ടികളെ ഭക്ത മുറ്റുള്ള വളർത്തി കൈവേല, പഠനം മുതലായവയിൽ അഭ്യസിപ്പിക്കുന്നതിനും'' വേണ്ടിയാണു് മിഷനറിയച്ചനും പ്രിയോരച്ചനും ഈ കന്യാസ്ത്രീ മഠത്തിന്റെ സ്ഥാപനത്തിനു് താല്പര്യം കാണിച്ചതു്. കർമ്മലീത്താ മൂന്നാം സഭക്കാരെന്നാണു് ഈ സന്യാസിനികൾ വിളിക്കപ്പെട്ടപോന്നതു്. കൂടുതൽ പെൺകുട്ടികളും സന്യാസത്തിനു് സന്നദ്ധരായി വന്നു ചേർന്നതോടെ പുതിയ മഠങ്ങളും സ്ഥാപിക്കപ്പെട്ടു. മുത്തോലി (1888), വരാപ്പുഴ (1890), അമ്പഴക്കാടു് (1897) കാറുകുറി (1899), എന്നിങ്ങനെ വളരെ വേഗത്തിൽ ഈ സന്യാസിനീ സഭ വളർന്നു.

www.malankaralibrary.com

ദിവ്യകാരുണ്യ ഭക്തി

വി. കുർബാനയോടുള്ള ഭക്തിയിൽ ഏവരുടേയും മുന്നിലായിരുന്ന ചാവറയച്ചൻ. മണിക്കൂറുകൾ തന്നെ സക്രാരിയിലെ ദിവ്യനാഥന്റെ മുമ്പിൽ അദ്ദേഹം പ്രാർത്ഥനയിൽ സമയം ചെലവഴിച്ചിരുന്നു. പിൽക്കാലത്ത് വളരെ പ്രചാരം സിദ്ധിച്ച നാല്പതുമണി ആരാധനയ്ക്ക് തുടക്കം കുറിക്കുവാൻ കാരണമായതും അതു തന്നെ. 1866-ാം ആണ്ട് വലിയ നോമ്പിലെ ആദ്യ വ്യാഴം, വെള്ളി, ശനി, ദിവസങ്ങളിൽ കുനമ്മാവ് ആശ്രമ ദേവാലയത്തിൽ ആദ്യമായി നാല്പതു മണി ആരാധന നടത്തപ്പെട്ടു. അതിനുശേഷം ആ ഭക്തികൃത്യം മറ്റു കൊവേന്തകളിലേക്കും ഇടവകകളിലേക്കും വ്യാപിച്ചു. ദിവ്യ കാരുണ്യ ഈശോയോടുള്ള സഹവാസത്തിൽ അദ്ദേഹം ആനന്ദ നിർവൃതി അടഞ്ഞിരുന്നു.

വിദ്യാഭ്യാസ പ്രവർത്തകൻ

സമൂഹത്തിന്റെയും സമുദായത്തിന്റെയും വളർച്ചയ്ക്ക് വിദ്യാലയങ്ങൾക്കുള്ള പങ്കിനെപ്പറ്റി ചാവറയച്ചൻ തികച്ചും ബോധവാനായിരുന്നു. ഓരോ പള്ളിയോടും അനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്ന് സുറിയാനിക്കാരുടെ വികാരിജനറാൾ എന്ന നിലയിൽ (1865) അദ്ദേഹം കല്പന പുറപ്പെടുവിച്ചു. കേരള കത്തോലിക്കർ വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നിലായിരുന്ന കാലമാണത്.

തന്റെ കല്പന അനുസരിച്ച് സ്കൂളുകൾ സ്ഥാപിക്കുവാൻ വിമുഖത കാട്ടിയ പള്ളികൾ അടച്ചു പൂട്ടുമെന്നു പോലും ഒരിക്കൽ അദ്ദേഹം മുന്നറിയിപ്പു നൽകി. വിദ്യാലയ

www.malankaralibrary.com

ങ്ങളുടെ കാര്യത്തിൽ അത്ര വലിയ ശ്രഷ്ഠകാന്തിയാണ് അച്ചൻ പ്രകടിപ്പിച്ചത്. അന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം കത്തോലിക്കർക്ക് നിഷിദ്ധമായിരുന്നു. ഭാരതത്തിലെ പ്രേഷിത പ്രവർത്തനത്തിനു സംസ്കൃത പഠനത്തിന്റെ പ്രാധാന്യം എത്ര വലുതാണ് എന്നു ചാവറയച്ചൻ മനസ്സിലാക്കിയിരുന്നു. ഹൈന്ദവ വേദഗ്രന്ഥങ്ങളും എല്ലാം തന്നെ സംസ്കൃതത്തിലാണല്ലൊ വിരചിതമായിട്ടുള്ളത്. 1846-ൽ അച്ചന്റെ പ്രത്യേക ഉത്സാഹപ്രകാരം ഒരു സംസ്കൃതവിദ്യാലയം മാന്നാനത്തു സ്ഥാപിതമായി. അതാണ് പിന്നീട് ഹൈസ്കൂളായും കോളേജായും വളർച്ച പ്രാപിച്ചതു്.

മാന്നാനത്തെ സംസ്കൃത വിദ്യാലയത്തിന്റെ ചുവട്പിടിച്ച് ഓരോ കൊവേന്തയുടെ സമീപത്തും പിന്നീട് വിദ്യാലയങ്ങളും ഉയർന്നു വന്നു.

ഹരിജനോദ്ധാരകൻ

'തീണ്ടലും തൊടീലും' വഴി സമൂഹത്തിൽ അവഗണിക്കപ്പെട്ട കഴിഞ്ഞിരുന്ന ഭാരതത്തിലെ പാവങ്ങളെ 'ഹരിജനം' (ദൈവത്തിന്റെ ജനം) എന്ന പേരു വിളിച്ച് ജാതി വ്യവസ്ഥയുടെ കരാളഹസ്തങ്ങളിൽ നിന്നു വിമോചിപ്പിക്കുവാൻ മഹാത്മാഗാന്ധി ഉദ്യമിച്ചുവല്ലോ. എന്നാൽ ഗാന്ധിജിക്കും മുമ്പ്, ദൈവ മക്കളായ പുലയർ, പറയർ തുടങ്ങിയ പാവങ്ങളെ ക്രിസ്തുവിന്റെ പക്കലേക്ക് കൊണ്ടുവരുന്നതിനും, അവരെ എല്ലാ വിധത്തിലും സമൂഹമദ്ധ്യേ ഉയർത്തുന്നതിനും ചാവറയച്ചൻ മുൻകൈയെടുത്തു. അയിത്തത്തിന്റെയും അനവധി ആചാരങ്ങളുടെയും അടിമത്വത്തിലാണ്ടു കിടന്നിരുന്ന അധ:സ്ഥിതരെ സ്നേഹത്തിന്റെ

www.malankaralibrary.com

വഴിയിലൂടെ നയിച്ച് അവരെ കൈപിടിച്ചുയർത്തുവാനുള്ള ശ്രമമാണ് അച്ചൻ നടത്തിയത്. മാന്നാനത്തും ആർപ്പൂക്കരയിലും അച്ചൻ ആരംഭിച്ച ഈ ദ്വിമുഖ പ്രവർത്തനങ്ങൾ ക്രമേണ മറ്റു സ്ഥലങ്ങളിലേക്കും വ്യാപിച്ചു.

അനാഥമന്ദിരവും പിടിയരിയും

ധാരാളം അനാഥാലയങ്ങൾ ഇന്ന് നാടിന്റെ നാനാഭാഗങ്ങളിലും പ്രവർത്തിക്കുന്നുണ്ടല്ലൊ. എന്നാൽ ഒന്നര നൂറ്റാണ്ടു മുമ്പ് ഇപ്രകാരമുള്ള ഒരു സേവനരംഗത്തെപ്പറ്റി നമ്മുടെ നാട്ടിലുള്ള ആരും ചിന്തിച്ചിരുന്നില്ല. ഇപ്രകാരമുള്ള കർമ്മ മണ്ഡലത്തിന്റെ ആവശ്യവും പ്രസക്തിയും മനസ്സിലാക്കിയ ചാവറയച്ചൻ കൈനകരിയിൽ ഒരനാഥശാല തുടങ്ങി. ജാതി മതഭേദമെന്യെ അനേകം പേർക്ക് അവിടെ അഭയം നൽകുവാൻ സാധിച്ചു. അംഗങ്ങൾക്ക് ഭക്ഷണം, വസ്ത്രം, താമസസൗകര്യം തുടങ്ങിയവയെല്ലാം അദ്ദേഹം തന്നെ ക്രമപ്പെടുത്തിക്കൊടുത്തു. ഭാരതത്തിലെ തന്നെ പ്രഥമ അനാഥ പരിപാലന കേന്ദ്രത്തിനു് അദ്ദേഹം അങ്ങനെ തുടക്കം കുറിച്ചു.

സാധുജന സേവനം ചാവറയച്ചന്റെ രക്തത്തിൽ അലിഞ്ഞു ചേർന്ന ഒരു കാര്യമായിരുന്നു. പാവങ്ങളെ സഹായിക്കാൻ വേണ്ടി പിടിയരി സൂക്ഷിച്ച്, സംഭാവന നൽകുന്ന പതിവ് പ്രയോഗത്തിൽ കൊണ്ടുവരുവാൻ അദ്ദേഹം നിർദ്ദേശം നൽകി. എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും അരി അടുപ്പത്തിടുന്നതിനു മുമ്പ്, ഒരു പിടി അരി എടുത്തു മാറ്റി വയ്ക്കുക. അതു് സാധുക്കൾക്കു നൽകുന്നതിനായി മാസാവസാനം പള്ളിയിൽ ഏല്പിക്കുക. അന്നു തുടങ്ങിയ ഈ നല്ല സംരംഭം പിൽക്കാലങ്ങളിലും ക്രൈസ്തവ ഭവനങ്ങളിൽ തുടർന്നു പോന്നു.

www.malankaralibrary.com

ഇടവക ജനങ്ങളുടെ ചെലവിൽ ആണ്ടുതോറും ഓരോ കുട്ടിയെ വീതം പഠിപ്പിച്ചു തുടങ്ങിയതും, പള്ളികളിലും ഇതര സ്ഥാപനങ്ങളിലും പാവപ്പെട്ടവർക്കു് കഞ്ഞികൊടുക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും വസ്ത്രം ദാനം ചെയ്യുക, തുടങ്ങിയ പരോപകാര പ്രവൃത്തികളും ചാവറയച്ചന്റെ ഉത്സാഹം മൂലം ആരംഭിച്ചു.

ഒരു നല്ല അപ്പന്റെ ചാവരുൾ

'ക്രിസ്ത്യീയ കുടുംബ ചട്ടം എന്ന നാമകരണം ചെയ്തിട്ടുള്ള ഒരു ചെറിയപുസ്തകം, 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന പേരിൽ രചിച്ചു് തന്റെ ബന്ധുക്കളും ഇടവകക്കാരുമായ കൈനകരിയിലെ കുടുംബങ്ങൾക്കു് അദ്ദേഹം നൽകുകയുണ്ടായി. ഒരു കുടുംബത്തിൽ അനുഷ്ഠിക്കേണ്ട കൃത്യങ്ങളെല്ലാം സംക്ഷിപ്തമായി അതിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ഒരു 'നല്ല ക്രിസ്ത്യാനി കുടുംബം' ആകാശമോക്ഷത്തിന്റെ സദൃശമാകുന്നു', എന്നാണു് പ്രസ്തുത പുസ്തകത്തിന്റെ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതു്. അച്ചന്റെ ചിന്തോദ്ദീപകങ്ങളായ ഉപദേശങ്ങളിൽ ചിലതു് ശ്രദ്ധിക്കുക:

''ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ള ഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു.''

''ക്രമവും ദൈവ പേടിയുമില്ലാത്ത തറവാട്ടുകാരോടു് ബന്ധുത്വം പിടിക്കേണ്ട. എന്തുകൊണ്ടെന്നാൽ, ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുത്തുന്നതു് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കളല്ല, പിന്നെയോ ക്രമവും ദൈവ പേടിയുമുള്ള ബന്ധുക്കളത്രേ ആകുന്നു.''

www.malankaralibrary.com

''നിന്റെ വീട്ടിൽ ക്രമമല്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും ശേഷം പേരുടെ അറകുറങ്ങളെ പറവാനും പിറുപിറുപ്പാനും ചട്ടമില്ലായെന്നും, സംസാരത്തിനടുത്ത വീടല്ലായെന്നും എല്ലാവരും അറിവാൻ തക്കതിൻ വണ്ണം കാട്ടുക. മറെറാരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീടിന്മേൽ വരികയും ചെയ്യും.''

''അന്യന്മാർക്കു വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല.''

''നിനക്കു സ്നേഹിതന്മാർ അധികം വേണ്ട. പിന്നെയോ ആയിരം പേരിൽ നിന്നു സൂക്ഷിച്ചു് ഒരുത്തനെ തെരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കയില്ല.''

''ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്തു് ദൈവപേടിയും ഭക്തിയും തന്നെ. ... ഒരു വീട്ടിൽ നിന്നു് എല്ലാവരും പോയി കുർബാന കാണാൻ പാടില്ലാത്ത പക്ഷം, ഓരോ ദിവസവും ഒന്നോ രണ്ടോ ആളുകളെങ്കിലും മാറിമാറിപ്പോയി കുർബാന കാണേണ്ടതാകുന്നു.''

''നിങ്ങളുടെ വാദ്ധ്യത്തിൽനിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും തക്ക നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ ചെറു പ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ. ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കുകയും പേടിക്കുകയും ഇല്ലെങ്കിൽ, പിന്നെ അവർ അവരുടെ കാരണവന്മാരേയും പേടിക്കയും ബഹുമാനിക്കുകയും ചെയ്കയില്ല.''

www.malankaralibrary.com

''തിരിച്ചറിവായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതും പോരാ, അവർ പഠിക്കുന്നുണ്ടോ, എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നുവെന്നും അന്വേഷിക്കണം. ഞായറാഴ്ച തോറും അവർ പഠിച്ചതിനെ പരിശോധിക്കണം.''

''ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാസൂക്ഷ്മത്തോടെ അനുസരിക്കുക. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു.''

''വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ, താമസിപ്പിക്കയോ ചെയ്യരുത്....പാവപ്പെട്ടവരെ നിന്ദിക്കേണ്ടാ, അവരെ ബുദ്ധിമുട്ടിക്കയും വേണ്ടാ, എന്തെന്നാൽ ദൈവം അവരുടെ കണ്ണീരു കണ്ടാൽ, നിശ്ചയമായി നിന്നോട് പകരം ചോദിക്കും.''

''കട വസ്തു ഒരു നാഴിക നേരത്തേക്കെങ്കിലും നിന്റെ വീട്ടിൽ വച്ചു സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ടാ. കട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാതമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു.''

ആരാധന ക്രമ നവീകരണം

സുറിയാനി ആരാധന ക്രമങ്ങളെ ഏകീകരിക്കുന്നതിനും ചാവറയച്ചൻ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. കേരള സഭ പാശ്ചാത്യ ഭരണത്തിന വിധേയമായതോടെ സുറിയാനി ആരാധന ക്രമങ്ങൾക്ക് ക്രമേണ ഐകരൂപ്യം ഇല്ലാതായിത്തീർന്നു. 1599–ലെ ഉദയംപേരൂർ സൂനഹദോസ് ആരാധനക്രമത്തിൽ പല മാറ്റങ്ങളും വരുത്തുകയുണ്ടായി.

www.malankaralibrary.com

നഷ്ടീഭവിച്ച ആരാധന ക്രമങ്ങളും പുനഃസ്ഥാപിക്കുക അന്നത്തെ സാഹചര്യത്തിൽ എളുപ്പമായിരുന്നില്ല. അതു കൊണ്ട് നിലവിലുള്ളവ ക്രമത്തിലും ഐകരൂപ്യത്തിലും ക്രോഡീകരിക്കുന്നതിനുള്ള പരിഷ്ക്കാരങ്ങളാണ് അദ്ദേഹം നടപ്പിൽ വരുത്തിയതു്. ദിവ്യബലിയും മറ്റു വിശുദ്ധ കർമ്മങ്ങളും സജീവമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു. സുറിയാനി പഞ്ചാംഗം ആദ്യമായി അച്ചടിച്ചു. വൈദികർ ആണ്ടിലൊരിക്കൽ പൊതുധ്യാനം നടത്തണമെന്നു് നിർദ്ദേശിച്ചു. കൂടാതെ മരിച്ചവരുടെ ശേഷക്രിയകളും, വൈദികരുടെ കാനോനാ നമസ്ക്കാരം, സ്ലൂപസ്ലൂ കുർബാന തുടങ്ങിയവ ക്രമീകരിക്കുകയും ചെയ്തു.

ദേവാലയങ്ങളിൽ ഇപ്പോഴുള്ളതു പോലെ ക്രമമായ സുവിശേഷ പ്രസംഗം അക്കാലത്തുണ്ടായിരുന്നില്ല. സുവിശേഷം വിശ്വാസികൾക്കു പ്രദാനം ചെയ്യേണ്ടതിനേപ്പറ്റി അധികമാരും അന്നു ചിന്തിച്ചിരുന്നില്ല. ചാവറയച്ചൻ അതിനൊരു മാറ്റം വരുത്തി. അദ്ദേഹം പള്ളികളും തോറും സഞ്ചരിച്ചു് പ്രസംഗങ്ങൾ ചെയ്തു.

കവിയും ഗ്രന്ഥകാരനും

കത്തോലിക്കരുടെ ഇടയിൽ ആദ്യമായി ഒരു പ്രസ് സ്ഥാപിച്ച ചാവറയച്ചൻ ഒരു പ്രശസ്ത കവിയും ഗ്രന്ഥകാരനും കൂടി ആയിരുന്നു. മലയാള സാഹിത്യത്തിനു് ഗണനീയമായ സംഭാവനകൾ അദ്ദേഹത്തിന്റേതായുണ്ട്. എങ്കിലും, നമ്മുടെ പ്രസിദ്ധങ്ങളായ ചില സാഹിത്യ ഗ്രന്ഥങ്ങളിൽ പോലും അദ്ദേഹത്തിന്റെ പേരു കാണ്മാനില്ല. ആത്മാനുതാപം, മരണവീട്ടിൽ പാടുന്ന പാന, അനാസ്യായുടെ രക്തസാക്ഷ്യം, ധ്യാനസല്ലാപങ്ങൾ, റോക്കോസ് ശീശ്മയുടെ ചരിത്രം, പാലസ്തീൽ മല്പാനച്ചന്റേ

www.malankaralibrary.com

യും പോത്തുക്കര മല്പാനച്ചന്റേയും ജീവചരിത്രങ്ങളും, തുടങ്ങിയവ അച്ചന്റെ പദ്യ കൃതികളാണ്. മലയാളത്തിൽ ഖണ്ഡകാവ്യത്തിന്റെ സാമാന്യമായ രൂപഘടന എതാണ്ടൊക്കെ ഒത്തുവരുന്ന ആദ്യ കൃതിയാണെന്നു പറയാം. 'അനസ്താസ്യായുടെ രക്തസാക്ഷ്യം'. ഏ. ആർ. രാജ രാജ വർമ്മയുടെ 'മലയവിലാസം' പുറത്തിറങ്ങുന്നതിനു മുപ്പതു കൊല്ലം മുമ്പാണ് ഈ കാവ്യം പ്രസിദ്ധപ്പെടുത്തിയതു, ജീവിത കാലം മുഴവനും വിവിധങ്ങളായ കത്തവ്യങ്ങളിൽ വ്യാപൃതനായിരുന്നെങ്കിലും കേരള സഭാതനയരുടെ പൊതു നന്മയ്ക്കായി ആത്മീയ പ്രബോധനങ്ങളടങ്ങിയ ഏതാനും ഗ്രന്ഥങ്ങളും രചിക്കാനുള്ള സമയവും സൗകര്യവും അദ്ദേഹം കണ്ടെത്തിയെന്നതു എടുത്തു പറയേണ്ട വസ്തുതയാണ്.

റോക്കോസ് ശീശ്മക്കെതിരേ

റോക്കോസ് ശീശ്മക്കെതിരേ പോരാടി സഭയുടെ ഐക്യം കാത്തു സൂക്ഷിച്ചുവെന്നതാണ് ചാവറയച്ചന്റെ ഒരു വിശിഷ്ട സേവനം. 19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലബാർ സഭയിൽ കോളിളക്കം സൃഷ്ടിച്ച ഒരു വിനയായിരുന്നു റോക്കോസ് ശീശ്മ.

മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ സുറിയാനി സഭ നാലാം നൂറ്റാണ്ടു മുതൽ ഉദയംപേരൂർ സുനഹദോസ് (1599) വരെ ബാബേൽ പാത്രിയർക്കീസിനാൽ അയക്കപ്പെട്ടിരുന്ന മെത്രാന്മാരാലാണ് ഭരിക്കപ്പെട്ടിരുന്നതു. കേരള സഭ ലത്തീൻ ഭരണത്തിൻ കീഴിലായതോടെ കൽദായ പാത്രിയർക്കീസുമായുള്ള ബന്ധത്തിനു ഉലച്ചിൽ തട്ടി. ഉദയംപേരൂർ സുനഹദോസിനു ശേഷം കേരളത്തിലേക്കു മെത്രാന്മാരെ അയക്കാനുള്ള കൽദായ പാത്രിയർക്കീസിന്റെ അവകാശത്തിനു റോമിൽനിന്നു മുടക്കു കല്പിച്ചു.

www.malankaralibrary.com

എന്നാൽ കൽദായ മെത്രാന്മാരെ സഭാധികാരികളായി ലഭിക്കുവാൻ കേരള സഭാ വിശ്വാസികൾ ആഗ്രഹിച്ചു. ആയതിലേക്ക് നിരന്തരം കത്തുകളയക്കുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തുപോന്നു. ബാബേൽ പാത്രിയർക്കീസായിരുന്ന മാർ ജോസഫ് അബൂദോ, മാർതോമ്മാ റോക്കോസ് എന്ന മെത്രാനെ ശരിയായ അധികാര പത്രമോ, മാർപ്പാപ്പായുടെ അനുവാദമോ കൂടാതെ കേരളത്തിലേക്ക് അയച്ചു. കേരള സഭയേപ്പറ്റി പഠിച്ച് റിപ്പോർട്ട ചെയ്വാനാണ് അദ്ദേഹം അയക്കപ്പെട്ടത്. ഒരു സുറിയാനി മെത്രാൻ വരുന്നുവെന്നു കേട്ടപ്പോൾതന്നെ വിശ്വാസികൾ സന്തോഷത്താൽ ഇളകിവശായി. 1861 മെയ് 9-ന് കൊച്ചിയിൽ വന്നിറങ്ങിയ മാർ റോക്കോസിനു് ഉജ്ജ്വലമായ വരവേല്പും അവർ നല്കി.

താമസിയാതെ തന്നെ കേരള സഭയുടെ മേൽ അധികാരം പ്രയോഗിക്കുവാനാണ് മാർ റോക്കോസ് ആരംഭിച്ചതു്. സുറിയാനിക്കാരുടെ വക 154 പള്ളികളിൽ 86 എണ്ണം പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിന്റെ പിടിയിലായി. ഈ അനധികൃതമായ അധികാര പ്രയോഗം റോക്കോസ് ശീശ്മ എന്ന പേരിൽ അറിയപ്പെടുന്നു. ഈ നടപടിക്കെതിരായുള്ള വരാപ്പുഴ മെത്രാപ്പോലീത്തായുടെ യത്നങ്ങൾ ഒന്നും വിജയിച്ചില്ല. ഉടൻ തന്നെ അദ്ദേഹം ചാവറയച്ചനെ ത്രുപതയിലെ സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറാളായി നിയമിച്ചു.

1861 ജൂൺ 19-ാംനു- ഏലിയാസച്ചൻ ഒൻപതാം പീയൂസ് മാർപ്പാപ്പാക്ക് റോക്കോസിനെപ്പറ്റി ഒരു റിപ്പോർട്ട് അയക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ റോക്കോസിനെ തിരിയെ വിളിക്കുവാൻ മാർപ്പാപ്പാ

www.malankaralibrary.com

പാത്രിയർക്കീസിനോട്ട് കല്പിക്കുകയും ചെയ്തു. കൂടാതെ എല്ലാ പള്ളികളിലും വായിക്കുവാൻ റോക്കോസിനെതിരായി സർക്കുലറുകളും മാന്നാനത്തു നിന്നു അയച്ചുകൊടുത്തു. 1862 മാർച്ചിൽ ഈ ധർമ്മ സമരം വിജയ മകുടം ചൂടി. ശീശ്മ അവസാനിച്ചു. റോക്കോസ് മെത്രാൻ തിരിച്ചു പോകയും ചെയ്തു.

ശീശ്മക്കെതിരായുള്ള പോരാട്ടത്തിൽ പലപ്പോഴും അദ്ദേഹത്തിന്റെ ജീവൻ പോലും അപകടത്തിലായിരുന്നു. എങ്കിലും വിശ്വാസികളെ നേർവഴിയിലേക്കു തിരിച്ചു കൊണ്ടുവരുന്നതിൽ അദ്ദേഹം വിജയിച്ചു. മഹത്തായ ആ സേവനത്തെ അംഗീകരിച്ചുകൊണ്ട് ഒൻപതാം പിയൂസ് മാർപ്പാപ്പാ സ്വന്തം കൈയ്യൊപ്പ് സഹിതം ഒരു കൃതജ്ഞതാ പത്രം എലിയാസച്ചനു അയച്ചു കൊടുക്കുകയുണ്ടായി.

അന്തിമകാലവും മരണവും

നിസ്തുലവും ദുർഘടപൂർണ്ണവുമായ കഠിനാദ്ധ്വാനം ഏലിയാസച്ചനെ രോഗിയും ക്ഷീണിതനുമാക്കി. പല മാസങ്ങളും ദീർഘിച്ച തന്റെ അന്ത്യരോഗത്തിന്റെ വിഷമതകളും അദ്ദേഹം ക്ഷമാപൂർവ്വം സഹിച്ചു. അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചുകൊണ്ട് തന്റെ ആത്മീയ സന്താനങ്ങളുടെ പ്രാർത്ഥനാ മദ്ധ്യേ 1871 ജനു. 3-ാം തീയതി അച്ചൻ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ക്ലനമ്മാവു സെൻറ് ഫിലോമിനാസ് ആശ്രമത്തിൽ വച്ചാണു അദ്ദേഹം ചരമം പ്രാപിച്ചതു. അവിടെത്തന്നെ ആ പാവന ശരീരം സംസ്കരിക്കപ്പെട്ടു. ഏതാനും വർഷങ്ങൾക്കുശേഷം, 1899-മാർച്ച്-9-നു മാന്നാനത്തുള്ള, മാതൃഭവനത്തിലേക്കു ആ പൂജ്യശരീരം മാറ്റിസ്ഥാപിച്ചു.

www.malankaralibrary.com

കുമ്പസാരക്കാരന്റെ സാക്ഷിപത്രം

ചാവറയച്ചൻ ചരമം പ്രാപിച്ച ദിവസം, അദ്ദേഹത്തിന്റെ സഹപ്രവർത്തകനും കുമ്പസാരക്കാരനുമായിരുന്ന ലെയോപ്പോൾദ് ബെക്കാറോ മിഷനറി, തന്റെ ഡയറിയിൽ ലത്തീനിൽ ഇപ്രകാരം എഴുതി.

''ഇന്നു്, ജനുവരി 3, 1871 ചൊവ്വാഴ്ച രാവിലെ 7.15 നു് തിരുക്കുടുംബത്തിന്റെ സിറിയക്കു് ഏലിയാസച്ചൻ, ഒന്നാമത്തെ പ്രീയോർ, അതിനിഷ്ഠക്കളങ്കമായ ഒരു ജീവിതത്തെ തുടർന്നു് നിര്യാതനായി. മാമ്മോദീസായിൽ തനിക്കു ലഭിച്ച ദൈവ വരപ്രസാദം നഷ്ടപ്പെടുവാനിടയായില്ല എന്നു് മരണത്തിനു മുമ്പു് പറയുവാൻ അദ്ദേഹത്തിനു് കഴിയുമായിരുന്നു. അദ്ദേഹം എല്ലാ സുകൃതങ്ങളും അഭ്യസിച്ചു വന്നു. പ്രത്യേകിച്ചും ഹൃദയലാളിത്യം, സജീവ വിശ്വാസം, മൃദുലമായ അനുസരണ, ദിവ്യകാരുണ്യത്തോടും പരി. കന്യകയോടും വി. യൗസേപ്പു് പിതാവിനോടുമുള്ള ഭക്തി എല്ലാം അതിലുൾപ്പെടും. മലബാറിലെ ക്രിസ്ത്യാനികൾക്കുവേണ്ടി അദ്ദേഹം വളരെ കഷ്ടതകളം സഹിച്ചു. റോക്കോസു് ശീശ്മക്കാലത്തു് പ്രത്യേകിച്ചും, സുറിയാനിക്കാരുടെ വികാരിജനറാൾ എന്ന നിലയിൽറോമാസിംഹാസനത്തോടുള്ള അനിതര സാധാരണമായ വിശ്വസ്തത കാണിച്ചു. പകലും രാത്രിയും അദ്ധ്വാനിച്ചു് നാല്പതോളം ഇടവകകളെ അദ്ദേഹം ശീശ്മയിൽ പോകാതെ പിടിച്ചു നിർത്തി. അതിൽ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടു് 9–ാം പിയൂസു് മാർപ്പാപ്പാ അദ്ദേഹത്തിനു് കത്തെഴുതി. മലബാറിലെ കർമ്മലീത്താ മൂന്നാം സഭയുടെ സ്ഥാപകനും ഒന്നാമത്തെ പ്രീയോരും അദ്ദേഹമായിരുന്നു. വളരെ കഷ്ടപ്പെട്ടു് അദ്ദേഹം സന്യാസിനികളുടെ ഒരു സഭയും സ്ഥാപിച്ചു. സുകൃത ജീവിത

www.malankaralibrary.com

ത്താലും വിജ്ഞാനത്താലും സുറിയാനി ഭാഷയിലുള്ള പാണ്ഡിത്യത്താലും അദ്ദേഹം മലബാറിലെ സുറിയാനിക്കാരുടെ ഇടയിൽ വലിയ സ്വാധീനം പുലർത്തി. മലബാറിലെ വികാരി അപ്പസ്തോലിക്കാമാർ എല്ലാം അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചു; മലബാറിലെ ജനങ്ങളും അദ്ദേഹത്തെ കൂട്ടുതലായി സ്നേഹിച്ചു, അതിൽ നിന്നു് ഈ ശോസഭക്കാരും നെസ്തോറിയൻസും ഒഴിവായിരുന്നില്ല. അദ്ദേഹം ഭൗതിക വസ്തുക്കളെ ക്രമരഹിതമായി സ്നേഹിച്ചിരുന്നില്ല. അവസാന നാളുകളിൽ പ്രത്യേകിച്ചും അസാധാരണമായ ഭക്തിയോടും താല്പര്യത്തോടും സ്വർഗ്ഗീയമായ സന്തോഷത്തോടും കൂടി അന്ത്യകൂദാശകളും സ്വീകരിച്ച ശേഷം അദ്ദേഹത്തെ അറിയുന്ന എല്ലാവരുടേയും, പ്രത്യേകിച്ചു്, ഞാൻ എന്നെത്തന്നെ അറിയുന്നതു പോലെ അദ്ദേഹത്തെ അറിയാമായിരുന്ന എന്റേയും, കണ്ണുനീരിന്റെ ഇടയിൽ അറുപത്തിയഞ്ചാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു. ഇവിടെ ഈ കുനമ്മാവു പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു.

പരിശുദ്ധവും സുന്ദരവും ആയ ആത്മാവേ, എനിക്കു വേണ്ടി പ്രാർത്ഥിക്കണമേ.''

കർമ്മോത്സുകനായ ഒരു സന്യാസിക്കു് തമസ്സിലാണ്ടിരുന്ന ഒരുജന സമൂഹത്തെ എങ്ങനെ സമുദ്ധരിക്കാനാവും എന്നു് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവിതം നമുക്കു് കാണിച്ചു തരുന്നു. തന്റെ ജീവിത കാലം മുഴുവനും സഭയ്ക്കുവേണ്ടി സുധീരം പോരാടിയ അദ്ദേഹത്തിന്റെ ദീർഘ വീക്ഷണവും കർമ്മകുശലതയുമാണു് കേരള സഭയിൽ നവോത്ഥാനത്തിന്റെ തരംഗങ്ങളും ഇളക്കിവിട്ടതു്.

www.malankaralibrary.com

കുര്യാക്കോസച്ചനെപ്പററി ചങ്ങനാശ്ശേരി മെത്രാപ്പോ ലീത്താ മാർ മാത്യു കാവുകാട്ട് പിന്നീട് ഇപ്രകാരം എഴു തി. ''ഫാ. കുര്യാക്കോസ് ഏലിയാസ് ചാവറ മഹാനായ ഒരു ക്രിസ്ത്യാനിയും, പരിശുദ്ധനായ ഒരു സന്യാസിയും വിജയശ്രീലാളിതനായ ഒരു നിർമ്മാണ ശക്തിയും ആയി രുന്നു–സ്ഥാപനങ്ങളുടേയും സമൂഹങ്ങളുടേയും. ദൈവസ്നേഹ ത്തിലും ശുശ്രൂഷയിലും ഉറച്ചുനിന്ന ആ സന്യാസിവര്യൻ തന്റെ കൂടപ്പിറപ്പുകളെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും മുന്നോട്ടു വന്നു. സുദീർഘവും പ്രശംസാർഹവുമാണ് അദ്ദേ ഹത്തിന്റെ സേവന ചരിത്രം. മതപരവും, സാമൂഹിക വും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായി അദ്ദേഹം സഹോദരങ്ങൾക്കു വേണ്ടി ചെയ്തതെല്ലാം ദൈവസ്നേഹം നിറഞ്ഞ ഒരാത്മാവിന്റെ പ്രവർത്തനങ്ങളായിരുന്നു. ദൈവം അവയെ അനുഗ്രഹിച്ച് ധന്യമാക്കുക സ്വാഭാവി കം മാത്രമായിരുന്നു.''

വിവിധങ്ങളായ മേഖലകളിൽ അസാധാരണമായ തീക്ഷ്ണതയോടെ പ്രവർത്തിച്ച് തന്റെ നിസ്തുല വ്യക്തിത്വം പ്രകാശിപ്പിച്ച പുണ്യപുരുഷനാണ് ചാവറയച്ചൻ. ഈശ്വര സാക്ഷാത്കാരം നേടിയ ആദ്ധ്യാ ത്മിക പുരുഷനായിരുന്നു അദ്ദേഹം. ദൈവത്തിന്റെ മനു ഷ്യനായി സഹജീവികളെ ദൈവത്തിങ്കലേക്കു നയിച്ച സുകൃതചരിതനായിരുന്നു അദ്ദേഹം. വാക്കും പ്രവൃത്തിയും ചിന്തയും സന്മാതൃകയും മൂലം, തന്നോടിടപെട്ട ഏവർക്കും ഈശ്വരന്റെ സ്നേഹാതിരേകം പകർന്നു കൊടുക്കുവാൻ അദ്ദേഹം ആജീവനാന്തം പരിശ്രമിച്ചു.

നാമകരണ നടപടികൾ

ജീവിത കാലത്തുതന്നെ ചാവറയച്ചൻ പുലർത്തിയ വിശുദ്ധ ജീവിതത്തിന്റെ കീർത്തി എങ്ങും വ്യാപിച്ചി

www.malankaralibrary.com

രുന്നു. മരണാനന്തരം അതു വർദ്ധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം വഴി നിരവധി അനുഗ്രഹങ്ങളും നന്മകളും വിശ്വാസികൾക്ക് ലഭിച്ചുകൊണ്ടിരുന്നു.

1871–ലാണല്ലോ അച്ചന്റെ മരണം. എങ്കിലും 1936–ൽ മാത്രമാണ് സി. എം. ഐ. സഭയുടെ പൊതു സമ്മേളനം നാമകരണ നടപടികൾ തുടങ്ങേണ്ടതു് എങ്ങനെയാണെന്നു ആദ്യമായി ചർച്ച ചെയ്തതു്. നമ്മുടെ രാജ്യത്തു് ഇതിനുമുമ്പെങ്ങും നടന്നിട്ടില്ലാത്തതും, സങ്കീർണ്ണവും പണച്ചെലവുള്ളതുമായ നടപടി ആയതുകൊണ്ടാണു് ഈ കാലതാമസം നേരിട്ടതു്. ഫാ. വലേറിയൻ പ്ലാത്തോട്ടം രചിച്ച ജീവചരിത്രം, സി. എം. ഐ. സഭാംഗങ്ങൾക്കും പൊതു ജനങ്ങൾക്കും ചാവറയച്ചനെപ്പറ്റി കൂടുതൽ അറിയുവാൻ സഹായകമായി. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ച ചിലർക്കു് അത്ഭുതങ്ങൾ ലഭിച്ചതായി റിപ്പോർട്ടു് ചെയ്യപ്പെട്ടു, വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയ്ക്കു് അച്ചൻ രണ്ടു പ്രാവശ്യം പ്രത്യക്ഷപ്പെട്ടെന്നും രോഗശാന്തി നൽകിയെന്നും 1936-ൽ അവർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്.

കൂടുതൽ അന്വേഷണങ്ങൾക്കു ശേഷം നാമകരണ നടപടികൾ ആരംഭിക്കണമെന്നുള്ള അഭ്യർത്ഥന റോമിൽ സമർപ്പിക്കപ്പെട്ടു. ശ്രുപതാതലത്തിലുള്ള നടപടികൾ ആരംഭിക്കുവാനുള്ള കല്പന ചങ്ങനാശ്ശേരി അതിശ്രുപതാദ്ധ്യക്ഷൻ മാർ മാത്യു കാവുകാട്ടിനു് 1955–ൽ റോമിൽ നിന്നു ലഭിച്ചു.

കാവുകാട്ടുപിതാവു് ആദ്യമായി ചാവറയച്ചന്റെ നാമരണ നടപടികൾ സംബന്ധിച്ചു് ഒരിടയ ലേഖനം പ്രസിദ്ധപ്പെടുത്തി. അതിൽ, കൂര്യാക്കോസച്ചനെ സംബന്ധി

www.malankaralibrary.com

ക്കുന്ന ഏതെങ്കിലും രേഖ കൈവശമുള്ളവർ അവ ഏല്പിക്ക ണമെന്നും നടപടികളുടെ വിജയത്തിനായി പ്രാർത്ഥിക്ക ണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് 1957-ൽ ചരിത്ര പരമായ പഠനത്തിനു് ഒരു കമ്മീഷനെ പിതാവു് നിയ മിച്ചു. 1962–ൽ രണ്ടു കോടതികളും സ്ഥാപിതമായി. അവയിൽ പ്രഥമ കോടതി അദ്ദേഹത്തിന്റെ കൃതികളും മറ്റു രേഖകളും പരിശോധിക്കുന്നതിനും രണ്ടാമത്തേതു് അദ്ദേഹം വീരോചിതമായി വിശുദ്ധ ജീവിതം നയിച്ചിരുന്നോ എന്നു് പഠിക്കുന്നതിനും വേണ്ടിയായിരുന്നു.

1969-ൽ സ്ഥാപിതമായ മൂന്നാമത്തെ കോടതി നിയമാനുസൃതമല്ലാത്ത പരസ്യ വണക്കം അദ്ദേഹത്തിനു് നൽകിയിട്ടുണ്ടോ എന്നു് പരിശോധിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ആൻറണി പടിയറ 1970-ൽ കോടതികളുടെയെല്ലാം പ്രവർത്തനങ്ങളും ഔദ്യോഗികമായി പൂർത്തിയാക്കി, രേഖകളെല്ലാം റോമിലെ റീത്തുകളുടെ തിരുസംഘത്തിനു് സമർപ്പിച്ചു. തിരുസംഘം നിയമിച്ച പതിമൂന്നു പേരുടെ ഒരു സമിതി 1978–ൽ നാമകരണ നടപടികളും സ്വീകാര്യമാണെന്നു നിശ്ചയിച്ചു. ചാവറയച്ചൻ വീരോചിതമായി വിശുദ്ധി അഭ്യസിച്ചിരുന്ന ആളാണു് എന്നു് ദൈവശാസ്ത്രജ്ഞന്മാരുടെ മറ്റൊരു സംഘവും പ്രഖ്യാപിച്ചു.

1980 മാർച്ചു് 15–നു് ചാവറയച്ചന്റെ നാമകരണ കാര്യം തിരുസിംഹാസനത്തിന്റെ മുമ്പിൽ ശുപാർശ ചെയ്യപ്പെട്ടു. വിശുദ്ധരുടെ നാമകരണ നടപടികളുള്ള തിരുസംഘം അദ്ദേഹത്തിന്റെ സുകൃതങ്ങളും വിലയിരുത്തുകയുണ്ടായി. ആദ്യമായി 1983 നവം. 23–നു് വൈദികാദ്ധ്യക്ഷന്മാരുടേയും ആലോചനക്കാരായ വൈദികരുടേയും സമ്മേളനം വിഷയം പരിഗണനയ്ക്കെടുത്തു. തുടർന്നു

www.malankaralibrary.com

1984 മാർച്ച് 27-ന് കർദ്ദിനാളന്മാരുടെ സമ്മേളനം കൂടുതൽ പഠനം നടത്തി. ദൈവിക പുണ്യങ്ങളും സാന്മാർഗ്ഗിക പുണ്യങ്ങളും അവയോട് ബന്ധപ്പെട്ട മറ്റു സുകൃതങ്ങളും ചാവറയച്ചനിൽ സ്പഷ്ടമായി കാണുവാൻ കഴിഞ്ഞു എന്നു അവർക്കു ബോദ്ധ്യപ്പെട്ടു. ഇവയുടെയെല്ലാം സമഗ്രമായ റിപ്പോർട്ട് മാർപ്പാപ്പായ്ക്ക് സമർപ്പിക്കപ്പെട്ടു. അവസാനം കൂര്യാക്കോസച്ചന്റെ വീരോചിത വിശുദ്ധി അംഗീകരിക്കുന്നതായ തിരുസംഘത്തിന്റെ രേഖയ്ക്ക് മാർപ്പാപ്പാ അംഗീകാര മുദ്ര വച്ചു. അതോടെ മാർപ്പാപ്പാ പ്രഖ്യാപിച്ചു. ''ദൈവിക പുണ്യങ്ങളായ വിശ്വാസവും ശരണവും ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹവും സാന്മാർഗ്ഗിക പുണ്യങ്ങളായ വിവേകം, നീതി, ആത്മനിയന്ത്രണം, ആത്മധൈര്യം എന്നിവയും ഇവയോട് ബന്ധപ്പെട്ട മറ്റു സുകൃതങ്ങളും വീരോചിതമായ രീതിയിൽ ദൈവദാസൻ ചാവറ കൂര്യാക്കോസ് ഏലിയാസച്ചൻ അഭ്യസിച്ചിരുന്നതായി സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. ഈ പ്രഖ്യാപനം നടത്തിയതു 1984 ഏപ്രിൽ 7-ന് ആയിരുന്നു. അതോടെ ദൈവദാസൻ വന്ദ്യൻ (venerable) എന്ന പദവിയിലേക്കുയർന്നു. (രൂപതാ നടപടികം ആരംഭിക്കുമ്പോഴാണ് ഒരാൾ ദൈവദാസൻ (ദാസി) എന്നറിയപ്പെടുവാൻ തുടങ്ങുന്നതു്.)

ചാവറയച്ചന്റെ മാദ്ധ്യസ്ഥതയിൽ നടന്നതായി അവകാശപ്പെടുന്ന ഒരു രോഗശാന്തി അത്ഭുതകരമാണെന്നു വിദഗ്ദ്ധരായ ഡോക്ടറന്മാർ സാക്ഷ്യപ്പെടുത്തി. തിരുസംഘം അതു അംഗീകരിക്കുകയും ചെയ്തു. അതോടെ വാഴ്ത്തപ്പെട്ടവൻ (Blessed) എന്ന സ്ഥാനത്തിനു ചാവറയച്ചൻ യോഗ്യനായി.

www.malankaralibrary.com

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചൻ

ക്രിസ്തു ശിഷ്യനായ മാർ തോമ്മാശ്ലീഹായിൽ നിന്ന് ഏറ്റുവാങ്ങിയ വിശ്വാസ ദീപം, നൂറ്റാണ്ടുകളുടെ ക്ലേശ ഭൂയിഷ്ഠമായ പരീക്ഷകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട പ്പോളൊക്കെയും അതണയാതെ കാത്തു സൂക്ഷിക്കുവാൻ തനിക്കു സാധിച്ചുവെന്ന് സമസ്ത ലോകത്തെയും ബോദ്ധ്യ പ്പെടുത്തിക്കൊണ്ട്, കേരള സഭ രണ്ട് അരുമ സന്താന ങ്ങളെ അൾത്താരകളിൽ വണങ്ങപ്പെടുവാൻ യോഗ്യ രാക്കി, സഭാ മാതാവിനു് സമർപ്പിച്ചിരിക്കുന്നു. ക്രിസ്തു വിന്റെ വികാരിയും സാർവ്വത്രിക സഭയുടെ തലവനു മായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ 1986 ഫെബ്രു. 8–നു് ശനിയാഴ്ച കോട്ടയം നാഗമ്പടം മൈതാനിയിൽ വച്ചു് പുരാതനമായ മലബാർ സഭയുടെ ഈ സമർപ്പണ ത്തെ സാദരം സ്വീകരിച്ചുകൊണ്ട് നടത്തിയ പ്രഖ്യാപനം സഭാചരിത്രത്തിൽ എന്നുമെന്നും ഒരു നാഴികക്കല്ലായി നിലകൊള്ളും. മാർപ്പാപ്പാ കർത്താവിനാളന്മാരുടെയും മെത്രാ ന്മാരുടെയും സാന്നിദ്ധ്യത്തിൽ കുർബാന മദ്ധ്യേ ജനലക്ഷ ങ്ങളെ അഭിസംബോധന ചെയ്തു പ്രഖ്യാപിച്ചു.;

''നമ്മുടെ സഹോദരന്മാർ ചങ്ങനാശ്ശേരി മെത്രാപ്പോ ലീത്താ പവ്വത്തിൽ മാർ ജോസഫ്, പാലാ രൂപതയു ടെ മെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ്, മറ്റു പല സഹോദര മെത്രാന്മാർ, അനേകം വിശ്വാസികളും എന്നിവർ പ്രകടിപ്പിച്ചിട്ടുള്ള ആഗ്രഹമനുസരിച്ചും വിശു ദ്ധരുടെ നാമകരണത്തിനുള്ള റീത്തുകളുടെ തിരുസംഘ ത്തിന്റെ അഭിപ്രായം അംഗീകരിച്ചും, ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസിനേയും മുട്ടത്തുപാടത്തു സിസ്റ്റർ അൽഫോൻസായേയും ഈ നിമിഷം മുതൽ വാഴ്ത്തപ്പെ ട്ടവർ എന്നു വിളിക്കാമെന്നും അവരുടെ തിരുനാളുകളും,

www.malankaralibrary.com

അവരുടെ സ്വർഗ്ഗീയ ജന്മനാളുകളിൽ, ചാവറ കുര്യാക്കോസ് ഏലിയാസിന്റേതു ജനുവരി മൂന്നാം തീയതിയും അൽഫോൻസായുടേതു് ജൂലായ് 28-ാം തീയതിയും പ്രതിവർഷം നിയമാനുസൃതമായും അതതു സ്ഥലങ്ങളിലും സമാഘോഷിക്കാമെന്നും, നാം നമ്മുടെ അപ്പസ്തോലികാധികാരം ഉപയോഗിച്ചു് പ്രഖ്യാപിക്കുന്നു.

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ആമ്മേൻ.''

അൽഫോൻസാമ്മയേയും ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ പ്രഖ്യാപനം കേരള സഭയുടെ എന്നു മാത്രമല്ല, ഭാരത സഭയുടെ തന്നെ ഗതിയിൽ ഒരു വഴിത്തിരിവിനെയാണ് കുറിക്കുന്നതു്.

www.malankaralibrary.com



MALANKARA
LIBRARY

www.malankaralibrary.com

''വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാ സച്ചന്റെ ജീവിതത്തിൽനിന്നും പ്രസക്തമായ ഭാഗങ്ങൾ തെരഞ്ഞെടുത്ത് ചെറിയ ചെറിയ ഉപകഥകളുടെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. അഭിവന്ദ്യനായ ചാവറ കുര്യാക്കോസച്ചനെപ്പറ്റി അറിവ് പ്രദാനം ചെയ്യുന്നതിനൊടൊപ്പം ഭക്തിസംവർദ്ധകമായ രീതിയിൽ പ്രതിപാദനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഈ രീതി പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും ഉപകാരപ്രദവും രസകരവുമായിരിക്കുമെന്ന് പ്രസ്താവിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഗ്രന്ഥത്തിന് പ്രചുര പ്രചാരം ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.''

–മാർ സെബാസ്റ്റ്യൻ വയലിൽ

www.malankaralibrary.com